## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ കരൂർ ഗ്രാമപഞ്ചായത്ത് - 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2- സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.276/16/തസ്വഭവ. തിരുവനന്തപുരം,തീയതി: 25/01/16

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 10/11/2014-ലെ എം-3-41253/14 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 06/05/2015-ലെ LF/20405/PT1/2014 നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ കരൂർ ഗ്രാമപഞ്ചായത്തിൻ 2006-2007 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 പ്രകാരം സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അംഗൻവാടി കുട്ടികൾക്ക് പഠനസാമഗ്രികൾ വാങ്ങുന്നതിനായി കുടുംബങ്ങൾക്കോ വ്യക്തികൾക്കോ വേണ്ടി ചെലവു ചെയ്ത 1,42,800/-( ഒരു ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം ) രൂപ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു .

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 30/06/2014 ലെ III(17)- ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം , ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ തീരുമാനം എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ മുഖേന പരാമർശം(1) പ്രകാരം ഗ്രാമപഞ്ചായത്ത് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ചെലവു ചെയ്യാനുണ്ടായ സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട് .

ടി വിഷയത്തിൽ പരാമർശം(2)പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം , ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ , പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ

എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3.2 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ , പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ കരൂർ ഗ്രാമപഞ്ചായത്തിൻ 2006-2007 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 പ്രകാരം സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അംഗൻവാടി കുട്ടികൾക്ക് പഠനസാമഗ്രികൾ വാങ്ങുന്നതിനായി ചെലവു ചെയ്ത 1,42,800/-( ഒരു ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി എണ്ണൂറ് രൂപാ മാത്രം) രൂപക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
സെക്രട്ടറി, കരൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ